**പതിനാലാം കേരള നിയമസഭ**

**പത്താം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2306** **09.03.2018-ന് മറുപടിയ്ക്ക്**

**വനം വകുപ്പിന്റെ സംരക്ഷണ പ്രവർത്തനങ്ങൾ**

**ചോദ്യം** **മറുപടി**

**പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ** **അഡ്വ.കെ.രാജു.**
**(ബഹു. വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് വനം വകുപ്പ് സംരക്ഷിക്കുന്ന വനങ്ങൾ അല്ലാത്ത മറ്റ് മേഖലകൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ ; | (എ) | സോഷ്യൽ ഫോറസ്ട്രി വിഭാഗം ഹരിതകേരളം പദ്ധതി വഴി വൃക്ഷതൈകൾ ഉത്പാദിപ്പിച്ച് വിദ്യാഭ്യാസസ്ഥാപനങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, രാഷ്ട്രീയ സംഘടനകൾ, മതസംഘടനകൾ, മീഡിയ, സർക്കാർ ഇതര സ്ഥാപനങ്ങൾ, യൂത്ത് ക്ളബ്ബുകൾ, കുടുംബശ്രീ മുതലായവ മുഖാന്തിരം വിതരണം ചെയ്തു വരുന്നു. കാവുകൾ സംരക്ഷിക്കുന്നതിനും, കണ്ടൽ വനങ്ങൾ വച്ച്പിടിപ്പിച്ച് സംരക്ഷണം നൽകുന്ന ഉടമകൾക്കും പ്രോത്സാഹന ധനസഹായം നൽകി വരുന്നു. കൂടാതെ അനുയോജ്യമായ സ്ഥലങ്ങളിൽ കണ്ടൽ ചെടികൾ വച്ച്പിടിപ്പിക്കുന്നതിന് കണ്ടൽച്ചെടികൾ ഉത്പാദിപ്പിച്ച് നൽകി വരുന്നു.<br>കടലോരം, കായലോരം,പുഴയോരം, കനാൽബാങ്ക്, പാതയോരം,റെയിൽവേ ഭൂമി, മറ്റ് സർക്കാർ വകുപ്പുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയുടെ തരിശ് സ്ഥലം എന്നിവിടങ്ങളിൽ വൃക്ഷതൈകൾ വച്ച് പിടിപ്പിക്കുന്നുണ്ട്. കടലാമ സംരക്ഷണം, പക്ഷിസംരക്ഷണം എന്നീ പ്രവർത്തനങ്ങൾ സന്നദ്ധ സംഘടനകളുടെ സഹകരണത്തോടെ നടപ്പാക്കി വരുന്നു. പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി വർഷം തോറും വനമിത്ര പുരസ്കാരം നൽകി വരുന്നു. സ്വകാര്യ ഭൂമികളിൽ തടി ഉത്പാദനം വർദ്ധിപ്പിക്കുന്നതിനായി 10 ഇനം വൃക്ഷതൈകൾ വച്ച്പിടിപ്പിക്കുന്നവർക്ക് പ്രോത്സാഹന ധനസഹായം നൽകുന്നുണ്ട്. കൂടാതെ സന്നദ്ധ സംഘടനകളുടെ സഹകരണത്തോടെ ജലാശയ പുനരുദ്ധാരണവും, മറ്റ് പരിസ്ഥിതി ശുദ്ധീകരണ പ്രവർത്തനങ്ങളും നടപ്പാക്കി വരുന്നു. സ്കൂൾ കോളേജ് തലത്തിൽ ഫോറസ്ട്രി ക്ളബ്ബുകൾ രൂപീകരിച്ചിട്ടുണ്ട്. ഔഷധ സസ്യ ഉദ്യാനം, ചിത്രശലഭ പാർക്ക് എന്നിവ ക്ളബ്ബിന്റെ ഭാഗമായി ചില വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നടപ്പാക്കിയിട്ടുണ്ട്. ജീവനും സ്വത്തിനും ഭീഷണിയായി നിൽക്കുന്ന മരങ്ങൾ മുറിക്കുന്നതിനും, വികസന പ്രവർത്തനങ്ങൾക്കായി |

| | | | |
|---|---|---|---|
| | | | മരങ്ങൾ മുറിയ്ക്കേണ്ട ഘട്ടങ്ങളിലും വൃക്ഷങ്ങളുടെ വില നിശ്ചയിച്ച് ബന്ധപ്പെട്ട വകുപ്പുകൾക്ക് നൽകിവരുന്നു. സോഷ്യൽ ഫോറസ്ട്രി വന വികസന ഏജൻസികളുടെ സഹായത്തോടെ ഇക്കോട്ടൂറിസം പദ്ധതി നടപ്പിലാക്കിവരുന്നു. നാട്ടാന പരിപാലന ചട്ടം നടപ്പിലാക്കുന്നതിലൂടെ നാട്ടാനകൾക്ക് എതിരെയുള്ള പീഡനം ഗണ്യമായി കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്. കൂടാതെ വിദ്യാർത്ഥികൾ, കുടുംബശ്രീ പ്രവർത്തകർ, റസിഡൻസ് അസോസിയേഷൻ അംഗങ്ങൾ എന്നിവർക്ക് പരിസ്ഥിതി സംരക്ഷണം പ്രോത്സാഹിപ്പിക്കുന്നതിനായി ക്ലാസ്സുകളും, ക്യാമ്പ്, സെമിനാർ, എക്സിബിഷൻ എന്നിവയും നടത്തി വരുന്നു.<br><br>സോഷ്യൽ ഫോറസ്ട്രി സതേൺ റീജിയന്റെ പരിധിയിലുള്ള കുളത്തൂപ്പുഴയിൽ സഞ്ജീവനി വനം എന്ന പേരിൽ 18 ഹെക്ടർ സ്ഥലത്ത് 400-ൽ അധികം ഇനത്തിൽപ്പെട്ട ഔഷധ സസ്യങ്ങൾ നട്ട് പരിപാലിച്ച് വരുന്നു. തിരുവനന്തപുരത്ത് ഇളമ്പ്രക്കോട് എന്ന പ്രദേശത്ത് വനദീപ്തി പദ്ധതി പ്രകാരം 20.80 ഹെക്ടർ സ്ഥലത്ത് തദ്ദേശീയമായ ഫലവൃക്ഷങ്ങൾ ഉൾപ്പെടെയുള്ള വന വൃക്ഷങ്ങൾ നട്ട് പരിപാലിച്ച് വരുന്നു. |
| (ബി) | കയ്യേറിയ വനങ്ങൾ തിരികെ പിടിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ 04.09.2015-ലെ ഒ.പി.നമ്പർ 18467/2002, 1947/2003 എന്നീ കേസുകളിലെ വിധി പ്രകാരം അനധികൃതമായി വനം കയ്യേറി കൈവശം വച്ചിരിക്കുന്നവരെ ഒഴിപ്പിക്കാൻ നോട്ടീസ് നൽകുന്നതിനായി വനം കയ്യേറ്റക്കാരുടെ ലിസ്റ്റ് ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്ക് നൽകിയിട്ടുണ്ട്. കൂടാതെ ഏതാനും വനം കൈയ്യേറ്റ സ്ഥലങ്ങളിൽ വനം വകുപ്പ് നേരിട്ടും കൈയ്യേറ്റക്കാർക്ക് നോട്ടീസ് നൽകിയിട്ടുണ്ട്. കയ്യേറ്റങ്ങൾ യഥാസമയം കണ്ടെത്തി ഒഴിപ്പിച്ച് സ്ഥലം സർക്കാർ കസ്റ്റഡിയിൽ എടുത്ത് കേസ് രജിസ്റ്റർ ചെയ്ത് തുടർ നിയമ നടപടികൾ സ്വീകരിച്ചു വരുന്നു. പുതുതായി കണ്ടെത്തുന്ന കയ്യേറ്റങ്ങൾ അപ്പപ്പോൾ തന്നെ ഒഴിപ്പിക്കാറുണ്ട്. |
| (സി) | സംസ്ഥാനത്ത് കാവുകളുടെ സംരക്ഷണത്തിനാവശ്യമായ പദ്ധതികൾ വനം വകുപ്പ് തയ്യാറാക്കുമോ ; കാവ്സംരക്ഷണത്തിനായി സഹായങ്ങൾ ലഭ്യമാക്കുമോയെന്ന് വിശദമാക്കാമോ? | (സി) | സംസ്ഥാനത്ത് കാവുകളുടെ സംരക്ഷണത്തിനായി സർക്കാർ ഉത്തരവ് G.O(Rt) No.354/2013/F&WLD dated 12.09.2017, G.O (Rt) No.485/2016/F&WLD dated 24.12.2016 എന്നീ ഉത്തരവുകൾ പ്രകാരം പദ്ധതി ആവിഷ്കരിച്ച് ധനസഹായം നൽകി വരുന്നു. |

(signature)

**സെക്ഷൻ ഓഫീസർ**